പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1071 — 04.02.2019-ൽ മറുപടിക്ക്

## കെ.എസ്.ടി.പി. പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

(എ) കെ.എസ്.ടി.പി. പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(എ) ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്സ്.ടി.പി രണ്ടാം ഘട്ട പദ്ധതിയുടെ മൊത്തം പദ്ധതി തുക 2403 കോടി രൂപയാണ്. ഇതിൽ 56% ലോകബാങ്കും 44% സംസ്ഥാന സർക്കാരും എന്ന രീതിയാലാണ് ക്രമീകരിച്ചിരിക്കുന്നത്. കെ.എസ്സ്.ടി.പി രണ്ട് പദ്ധതിയിലുൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| UG-1 | കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ) | 133.05 | 100 |
| UG-2 | പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ) | 118.29 | 100 |
| UG-3A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ) | 156.34 | 55 |
| UG-3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ) | 209.68 | 75 |
| UG-4 | ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.40 കി.മീ) | 293.58 | 100 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3 കി.മീ) | 31.80 | നിർത്തിവച്ച തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീടെണ്ടർ ചെയ്യുകയും ബോംബെ |

| | | | |
|---|---|---|---|
| | | [illegible] M/s. GHV (India) Pvt Ltd എന്ന കമ്പനിയുമായി 29.12.2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. |
| 4B | തിരുവല്ല ടൗൺ നവികരണം (1.90 കി.മീ) | 7.77 | M/s. EKK Infrastructure Pvt Ltd എന്ന കമ്പനിയുമായി 29.12.2018-ൽ കരാറിൽ ഏർപ്പെട്ടു. |
| UG-5 | ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ) | 171.49 | 100 |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ) | 227.13 | 100 |
| UG-7 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) | 8.11 | 100 |
| UG-8 | പുനലൂർ - പൊൻകുന്നം റോഡ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ) | 700 (എസ്റ്റിമേറ്റ് തുക) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ട പദ്ധതി നിലവിൽ ഇൻജിനീയറിംഗ് പ്രോക്യൂർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (ഇ.പി.സി) മാതൃകയിൽ മൂന്നു പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ലോകബാങ്കിന്റെ നിർദ്ദേശ പ്രകാരം ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി മൂന്നു പാക്കേജുകളുടേയും ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. |
| | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കി.മീ) | 146.67 | 55 |

| | | | |
|---|---|---|---|
| (ബി) | ഇതിൽ ഏതൊക്കെ റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പൂർത്തിയാക്കിയത്; | (ബി) | കാസർഗോഡ്- കാഞ്ഞങ്ങാട് റോഡ്, പിലാത്തറ- പാപ്പിനിശ്ശേരി റോഡ്, ചെങ്ങന്നൂർ- ഏറ്റുമാനൂർ റോഡ്, ഏറ്റുമാനൂർ- മൂവാറ്റുപുഴ റോഡ്, പൊൻകുന്നം - തൊടുപുഴ റോഡ് എന്നിവ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരിച്ചവയാണ്. |
| (സി). | കെ.എസ്.ടി.പി. പദ്ധതികളുടെ നിർമ്മാണത്തിലുണ്ടായിട്ടുള്ള അപാകതകൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | കെ.എസ്.ടി.പി പദ്ധതികളുടെ റോഡ് നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് ശ്രീ. കളർകോട് വേണുഗോപാലൻ നായർ നൽകിയ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ആയതിന് കെ.എസ്.ടി.പി രണ്ടാംഘട്ട പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല, ടി പദ്ധതിയിൽ ക്രമക്കേടുകൾ ഒന്നും നടന്നിട്ടില്ല എന്നാണ് കെ.എസ്.ടി.പി പ്രോജക്ട് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. |
| (ഡി). | മുടങ്ങിക്കിടന്ന തിരുവല്ല ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ റീ ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര തുകക്കാണ് കരാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | തിരുവല്ല ബൈപാസിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി റീ-ടെൻഡർ വിളിക്കുകയും 37.03 കോടി രൂപയ്ക്ക് ബോംബെ ആസ്ഥാനമായ M/s.GHV (India) Pvt Ltd എന്ന കമ്പനിയുമായി 29.12.2018-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ